## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.132 — 11.02.2013 – ൽ മറുപടിയ്ക്ക്

## പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ<br>'' ജോസഫ് വാഴക്കൻ<br>'' വി. പി. സജീന്ദ്രൻ<br>'' ഹൈബി ഈഡൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്; 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ പച്ചത്തേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനകം 72 കൃഷി ഭവനുകളിൽ നിന്നും 94 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്ത് കൃഷിഭവനിലൂടെ കേരഫെഡ് മുഖേനയാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ കണ്ണൂർ, കോഴിക്കോട്, കാസർകോഡ്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ എട്ടു ജില്ലകളിലാണ് സംഭരണ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ടി ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും കേരഫെഡ് മുഖേനയാണ് പച്ചത്തേങ്ങ സംഭരിക്കുന്നതും സംഭരിച്ച പച്ചത്തേങ്ങ കൊപ്രയാക്കുന്നതിനും മറ്റ് ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. |
| (സി) | എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത് വിശദമാക്കുമോ; | (സി) | പച്ചത്തേങ്ങ സംഭരണം കിലോക്ക് 14 രൂപ നിരക്കിലാണ് ആരംഭിച്ചതെങ്കിലും ഇപ്പോൾ 16 രൂപയ്ക്ക് സംഭരണം നടത്തുന്നു. |
| (ഡി) | പച്ചത്തേങ്ങ സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (ഡി) | കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള പദ്ധതിയ്ക്ക് സ.ഉ.(എം.എസ്)നം.279/12/കൃഷി തീയതി: 10/12/2012 പ്രകാരം സർക്കാർ അനുമതി നൽകുകയും അതുപ്രകാരം 2013 ജനുവരി മാസം ഒന്നാം തീയതി പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിന് ആവശ്യമായ 21 കോടി രൂപയിൽ 9.8 കോടി രൂപ ഇതിനകം അനുവദിക്കുകയും പദ്ധതി നടത്തിപ്പിനായി |

കേരഫെഡ് വിനിയോഗിക്കുകയും ചെയ്തുവരുന്നു. . സംഭരണത്തിനായി തെരഞ്ഞെടുക്കുന്ന കൃഷി ഭവന് 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് കേരഫെഡ് കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. സംഭരിക്കുന്ന നാളികേരം ഉടൻതന്നെ കൊപ്രയാക്കുവാൻ കേരഫെഡ് നടപടി സ്വീകരിക്കുന്നു. പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസറുടെ മേൽ നോട്ടത്തിൽ കൃഷി ഭവനുകൾ സംഭരിക്കുന്ന പച്ചത്തേങ്ങ കേരഫെഡ് മുഖാന്തിരം കൊപ്രയാക്കി സംസ്കരിക്കുന്നു. പഞ്ചായത്ത് വികസന സമിതിയുമായി ചർച്ച നടത്തിയാണ് സംഭരണ പരിപാടികൾ നടപ്പിലാക്കുന്നത്. സംസ്കരണ പരിപാടികളുടെ മേൽ നോട്ടത്തിനായി കൃഷി വകുപ്പിലെ 7 ഉദ്യോഗസ്ഥരെ ജില്ലാ മാനേജർമാരായും ഒരാളെ സോണൽ മാനേജരായും കേരഫെഡിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ